പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2288 05.02.2018 ൽ മറുപടിക്ക്.

ചരക്ക് സേവന നികുതി നിയമം നടപ്പാക്കൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ആർ.സുനിൽ കമാർ** | **ഡോ.ടി.എം.തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
| (എ) ചരക്ക് സേവന നികുതി നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി നികുതി വകുപ്പിന്റെ ശാക്തീകരണത്തിനും കമ്പ്യൂട്ടർവത്കരണത്തിനുമായി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തി എന്നറിയിക്കുമോ; ഇതിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) നികുതിവകുപ്പിന്റെ ശാക്തീകരണത്തിനും കമ്പ്യൂട്ടർവത്ക്കരണത്തിനുമായി 2017 - 18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നോൺ പ്ലാൻ പ്രകാരം 2040-00-101-94 കമ്പ്യൂട്ടറൈസേഷൻ (NP-V) - 8,54,85,000 രൂപയും പ്ലാൻ 2040-00-101-88-00 (P-V) പ്രകാരം പബ്ലിക്ക് അവയെർനെസ് & കപ്പാസിറ്റി ബിൽഡിംഗിന് 8 കോടി രൂപയും 2040-00-101-89-00 (P-V) പ്രകാരം IT ഇൻഫ്രാ ഇനത്തിൽ 17 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ 6,74,45,792 രൂപ, 1.6 കോടി രൂപ, 8.70 ലക്ഷം രൂപ എന്നിവ യഥാക്രമം ചെലവഴിച്ചിട്ടുള്ളതാകുന്നു. |
| (ബി) ചരക്ക് സേവന നികുതി ഇനത്തിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ നികുതി നല്കുന്ന മൂന്ന് ജില്ലകൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ; | (ബി) എറണാകുളം, തിരുവനന്തപുരം, തൃശ്ശൂർ എന്നിവയാണ് യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളിൽ ഉള്ള ജില്ലകൾ. |
| (സി) പ്രസ്തുത ജില്ലകളിൽ നികുതി വകുപ്പ് ഉദ്യോഗസ്ഥരുടെ ജില്ലാതല തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടോ? | ഉണ്ട്. പ്രസ്തുത ജില്ലകളിൽ ചുവടെ പറയുന്ന ഒഴിവുകൾ നിലവിലുണ്ട് |

| ഒഴിവുള്ള ജില്ലാതല തസ്തികകൾ | തിരുവനന്തപുരം | എറണാകുളം | തൃശ്ശൂർ |
|---|---|---|---|
| ഓഫീസ് അറ്റൻഡന്റ് | 3 | 2 | 1 |

| | | | |
|---|---|---|---|
| ക്ലർക്ക് | 1 | 4 | |
| എൽ. ഡി. ടൈപ്പിസ്റ്റ് | | 1 | |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | | 1 |

ജി.എസ്.ടി നടപ്പിലായതിനെത്തുടർന്നു ചെക്ക് പോസ്റ്റ് സംവിധാനം നിർത്തലാക്കുകയുണ്ടായി. ഇതിനെത്തുടർന്ന് ചെക്ക് പോസ്റ്റുകളിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ വകുപ്പിന്റെ വിവിധ ജില്ലകളിലെ ഓഫീസുകളിലേക്ക് പുനഃ ക്രമീകരിച്ചു വരികയാണ്.

**സെക്ഷൻ ഓഫീസർ**